# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 286 | 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ബസ്സുകൾക്ക് അപകട ഇൻഷ്വുറൻസ്

**ചോദ്യം**

ശ്രീ. സി.കെ. ഹരീന്ദ്രൻ
,, എ. എൻ. ഷംസീർ
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. പി.വി. അൻവർ

**ഉത്തരം**

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ കെ.എസ്.ആർ.ടി.സി.ബസ്സുകളും മോട്ടോർ വാഹന നിയമം 146-ാം വകുപ്പു പ്രകാരം നിർബന്ധമാക്കിയിട്ടുള്ള അപകട ഇൻഷ്വുറൻസ് (തേർഡ് പാർട്ടി ഇൻഷ്വുറൻസ്) ഉള്ളവയാണോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (എ) | 1988-ലെ മോട്ടോർ വാഹന നിയമം 146-ാം വകുപ്പ് പ്രകാരം എല്ലാ വാഹനങ്ങൾക്കും അപകട ഇൻഷ്വുറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ അതേ സെക്ഷനിൽ സബ് സെക്ഷൻ (3) പ്രകാരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് വാഹനങ്ങൾക്ക് അപകട ഇൻഷ്വുറൻസ് എടുക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യുടെ 5947 വാഹനങ്ങളിൽ 5540 വാഹനങ്ങൾക്കും (കോംപ്രിഹെൻസീവ് ഇൻഷ്വുറൻസ് - 1517, തേർഡ് പാർട്ടി ഇൻഷ്വുറൻസ് - 4023)<br>കെ.യു.ആർ.ടി.സി.യുടെ എല്ലാ വാഹനങ്ങൾക്കും (കോംപ്രിഹെൻസീവ് ഇൻഷ്വുറൻസ് - 439, തേർഡ് പാർട്ടി ഇൻഷ്വുറൻസ് - 240) ഇൻഷ്വുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇൻഷ്വർ ചെയ്യാത്ത കെ.എസ്.ആർ.ടി.സി.ബസ്സുകൾ അപകടത്തിൽപ്പെടുമ്പോൾ അതിനിരയാകുന്നവർക്ക് കോടതി വിധിയനുസരിച്ചുള്ള നഷ്ടപരിഹാരം യഥാസമയം നൽകുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ കെ.എസ്.ആർ.ടി.സി.ക്ക് കോടതി വിധി അനുസരിച്ചുള്ള നഷ്ടപരിഹാര തുക യഥാസമയം നൽകുവാൻ കഴിയാറില്ലെങ്കിലും തുക സമയബന്ധിതമായി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2014-ലെ സംസ്ഥാന നിയമപ്രകാരമുള്ള 'യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷുറൻസ് പദ്ധതി'യുടെ വിശദാംശം അറിയിക്കുമോ; ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷുറൻസ് പദ്ധതി 01.04.2015 മുതൽ നടപ്പിലാക്കി വരുന്നു. യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ എന്നിവ ലക്ഷ്യമാക്കിയാണ് യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 8,24,655/- രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ